(ഡി) വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര വീതം നിയമനം നടത്തുകയുണ്ടായി; വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) സംസ്ഥാന സഹകരണ ബാങ്കിലെ കണ്ടിജൻസി ജീവനക്കാരെ നേരിട്ട് നിയമനം നടത്തുന്നതിനുള്ള അധികാരം ഭരണ സമിതിക്കുണ്ട്.

(ബി) & (സി) ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ

*22 [625] *ശ്രീ. തമ്പാനൂർ രവി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഡിവിഷനുകൾ ഉള്ള ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ആവശ്യമെങ്കിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയം ആക്കി മാറ്റുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് ഇപ്പോൾ ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കായി സിലബസുകൾ ഏകീകരിക്കുന്നതിനും, വിദ്യാഭ്യാസ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ മാത്രം പഠിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്

(ബി) 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ എൻ. സി. ഇ. ആർ. ടി. ആണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

നബാർഡിൽ നിന്നും ലഭിച്ച വായ്പ

*23 [626] *ശ്രീ. ഇ. എം. അഗസ്തി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കുവേണ്ടി നബാർഡ് അനുവദിച്ച വായ്പ ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ എപ്പോഴെങ്കിലും പൂർണ്ണമായും സംസ്ഥാനം ഉപയോഗിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തു തുക വീതം ഉപയോഗിക്കാതിരുന്നു; പ്രസ്തുത തുക ഉപയോഗിക്കാതിരുന്നതിനുള്ള കാരണം എന്തായിരുന്നു;

(സി) കാർഷികമേഖലയ്ക്കുവേണ്ടി നബാർഡ് അനുവദിക്കുന്ന വായ്പയ്ക്ക് ചുമത്തുന്ന പലിശ എത്ര ശതമാനമാണ്;

(ഡി) ഇതിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) 1985 മുതൽ 2004 വരെ നബാർഡ് ഹ്രസ്വകാല കാർഷിക പുനർ വായ്പയ്ക്ക് മിനിമം ഇൻവോൾവ്മെന്റ് എന്ന വ്യവസ്ഥ നിർബന്ധമാക്കിയിരുന്ന പ്പോൾ നബാർഡ് അനുവദിച്ചിരുന്ന വായ്പ പൂർണ്ണമായും ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ട്രഷറിയിൽ തുക നിക്ഷേപിച്ചതിനെ തുടർന്ന് 1999 മുതൽ നബാർഡ് "എംബാർഗോ" എന്ന സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിരുന്നപ്പോഴും പുനർ വായ്പ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഉപയോഗിക്കാതിരുന്ന തുകയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

നബാർഡിന്റെ മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥ പ്രകാരം 1999-2000, 2000-2001, 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

(സി) 2004-2005-ൽ ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് നബാർഡ് ചുമത്തുന്ന പലിശ 5.25% ആണ്. 1-4-2005 മുതൽ നബാർഡ് പലിശ നിരക്ക് താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കയാണ്.

നിഷ്ക്രിയ ആസ്തി	20% വരെ	5.50%
നിഷ്ക്രിയ ആസ്തി	20% മുകളിൽ	5.75%

ഈ പലിശ നിരക്ക് ബാക്കി നില്ക്കുന്ന വായ്പകൾക്ക് ബാധകമാണ്.

(ഡി) ഇതിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന അംഗീകൃത ഏജൻസികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[28-3-2005-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *23 (626)- ന്റെ ഉത്തരം ദയവായി കാണുക]

(തുക കോടിയിൽ)

വർഷം	നബാർഡിനോടാവശ്യപ്പെട്ടിരുന്ന പുനർ വായ്പാ പദ്ധതി	നബാർഡ് അനുവദിച്ച പുനർ വായ്പാ പദ്ധതി	സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്കുകൾക്ക് നൽകിയ വായ്പ	നബാർഡിൽ നിന്നും ലഭിച്ച തുക	നബാർഡിന്റെ പലിശ നിരക്ക്
1999-2000	182.27	123.86	101.21	ലഭിച്ചിട്ടില്ല	6%
2000-2001	213.25	121.68	55.04	ലഭിച്ചിട്ടില്ല	6%
2001-2002	206.49	105.43	80.61	18.42	6%
2002-2003	225.81	75.91	105.09	6.21	6%
2003-2004	257.33	106.64	149.90	14.93	5.5%

LIBRARY ARCHIVES Kerala Legislative Assembly